# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 373**
**26.04.2017 ലെ മറുപടിയ്ക്ക്**

**നോട്ട് ക്ഷാമം മറികടക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. പാറക്കൽ അബ്ദുല്ല | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | നോട്ട് ക്ഷാമം മറികടക്കാനായി പ്രതിദിന ലോട്ടറി കളക്ഷൻ, ബിവറേജസ് കോർപ്പറേഷന്റെ കളക്ഷൻ എന്നിവ ട്രഷറികളിൽ അടയ്ക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ടോ; | നോട്ട് ക്ഷാമം മറികടക്കാനായി പ്രതിദിന ലോട്ടറി കളക്ഷൻ, ബിവറേജസ് കോർപ്പറേഷന്റെ കളക്ഷൻ എന്നിവ ട്രഷറികളിൽ അടയ്ക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. 12.04.2017 ലെ എസ്.എൽ.2/43/2017-FIN നമ്പർ കത്ത്, 12.04.2017 ലെ എസ്.എൽ 2/42/2017-FIN നമ്പർ കത്ത് എന്നിവ പ്രകാരമാണ് യഥാക്രമം ലോട്ടറി ഡിപ്പാർട്ട്മെന്റിനും ബിവറേജസ് കോർപ്പറേഷനും നിർദേശങ്ങൾ നൽകിയത്. |
| (ബി) | എങ്കിൽ പ്രതിദിനം ശരാശരി എത്ര കോടി രൂപയാണ് പ്രസ്തുത വകുപ്പുകൾ ബാങ്കുകളിൽ അടച്ചുവരുന്നത്; | ലോട്ടറി വകുപ്പ് ഏജന്റുമാർ മുഖേന പ്രതിദിനം ബാങ്കിൽ ഒടുക്കുന്നത് ശരാശരി 7.92 കോടി രൂപയാണ് (01.04.2017 മുതൽ 15.04.2017 വരെയുള്ള പ്രവർത്തി ദിനങ്ങളിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ).<br><br>ബിവറേജസ് കോർപ്പറേഷൻ എഫ്.എൽ -1 ഷോപ്പുകളിൽ നിന്നുള്ള വിറ്റ് വരവ് തുകയായി ശരാശരി 7,98,31,091/- രൂപ പ്രതിദിനം ബാങ്കിൽ അടച്ചുവന്നിരുന്നത് ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ അടച്ചിട്ടുണ്ട് (19.04.2017 മുതൽ 21.04.2017 വരെയുള്ള പ്രവർത്തി ദിനങ്ങളിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ). |
| (സി) | നോട്ട് ക്ഷാമം മറികടക്കാൻ എന്തെല്ലാം നടപടികൾ ഭാവിയിൽ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | ഭാവിയിൽ നോട്ട് ക്ഷാമം ഗുരുതരമാകുന്നപക്ഷം, ആയത് മറികടക്കാനായി നിർദേശങ്ങൾ മറ്റ് സ്ഥാപനങ്ങൾക്കും നൽകുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ